**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2198** | **09-02-2023 - ൽ മറുപടിയ്ക്ക്**

**പാകം ചെയ്ത ഭക്ഷണം കഴിക്കുന്നതിനുള്ള സമയനിബന്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്, പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ , ശ്രീ .പി. കെ. ബഷീർ , ശ്രീ. നജീബ് കാന്തപുരം** | | **ശ്രീമതി വീണാ ജോർജ്ജ് (ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഹോട്ടലുകളിൽ നിന്നും വൻതോതിൽ പഴകിയ ഭക്ഷണം പിടികൂടിയ സാഹചര്യത്തിൽ ഭക്ഷണം പാകം ചെയ്ത തീയതിയും എത്ര സമയത്തിനുള്ളിൽ കഴിക്കണം എന്നതും രേഖപ്പെടുത്തിയ സ്ലിപ്പോ സ്റ്റിക്കറോ ഭക്ഷണപ്പൊതിയിൽ രേഖപ്പെടുത്തണമെന്ന് ഹോട്ടലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഭക്ഷണം പാകം ചെയ്ത തീയതിയും സമയവും എത്ര സമയത്തിനുള്ളിൽ കഴിക്കണം എന്നതും രേഖപ്പെടുത്തിയ സ്ലിപ്പോ സ്റ്റിക്കറോ ഭക്ഷണപ്പൊതിയിൽ രേഖപ്പെടുത്തണമെന്ന് ഹോട്ടലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഹോട്ടലുകളിൽ നിന്നും പായ്ക്കറ്റുകളിൽ പാഴ്സലുകളായി വിതരണം ചെയ്യുന്ന ഭക്ഷണം തയ്യാറാക്കി 2 മണിയ്ക്കൂറിനുള്ളിൽ ഉപയോഗിക്കണമെന്ന നിർദ്ദേശത്തോടുകൂടി ഭക്ഷണം പാകം ചെയ്ത സമയം, തീയതി എന്നിവ ഉൾപ്പെടെ രേഖപ്പെടുത്തി നൽകണമെന്നും, കൂടാതെ ഒരു ഭക്ഷണ സാധനം ഒരു സ്ഥലത്ത് നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് വാഹനത്തിൽ കയറ്റി കൊണ്ടുപോകുന്ന അവസരത്തിൽ വാഹനത്തിനുള്ളിലെ ഭക്ഷണം സൂക്ഷിച്ചിരിയ്ക്കുന്ന കണ്ടെയ്നർ $60^0C$ താപനില നിലനിർത്തുന്നതിന് സംവിധാനം ഒരുക്കണമെന്ന് കർശന നിർദ്ദേശവും, കൂടാതെ 2006 ലെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിലെ സെക്ഷൻ 30(2)(a) പ്രകാരം ഇത്തരത്തിൽ രേഖപ്പെടുത്തലുകളില്ലാതെ വിതരണം ചെയ്യുന്ന ഭക്ഷണങ്ങൾക്ക് വിലക്കും ഏർപ്പെടുത്തിക്കൊണ്ട് ഭക്ഷ്യ സുരക്ഷാ കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് കച്ചവട സ്ഥാപനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധനകൾ നടത്തി ഉറപ്പാക്കുന്നുമുണ്ട്. |
| (സി) | പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ